ക്കുള്ള ഈ സ്കോളർഷിപ്പ് ഇതേവരെ നൽകിയിട്ടില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത കാലയളവിൽ സ്കോളർഷിപ്പ് എത്രയും വേഗം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) തിരുവനന്തപുരം ജില്ലയിലെ പാപ്പനംകോട് ഗവൺമെന്റ് ഹൈസ്കൂളിൽ 1996-97 വർഷത്തെ സ്കോളർഷിപ്പ് വിതരണം നടത്തിയിട്ടുണ്ട്. 1997-98, 98-99, 99-2000 എന്നീ അദ്ധ്യയനവർഷങ്ങളിലെ സ്കോളർഷിപ്പ് തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

89 (1307) സ്കൂൾ മാനേജുമെന്റുകൾ നടത്തിയ ബന്ദ്

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ആഗസ്റ്റ് 6-ന് ഏതെല്ലാം സ്കൂൾ മാനേജ്മെന്റുകൾ വിദ്യാഭ്യാസ ബന്ദ് നടത്തി;

(ബി) ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമായിരുന്നു;

(സി) ഈ ബന്ദിനോടനുബന്ധിച്ച് എത്ര സ്കൂളുകളും, കോളേജുകളും അടച്ചിട്ടു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)(ബി)&(സി) ബന്ദ് നടത്തിയിട്ടില്ല.

90 (1308) കോഴിക്കോട് എൻ.ജി.ഒ. വനിതാ ഹോസ്റ്റലിൽനിന്നും ജീവനക്കാരിയെ ഒഴിപ്പിച്ച നടപടി

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് എൻ.ജി.ഒ. വനിതാ ഹോസ്റ്റലിലെ ഡീലക്സ് മുറിയിൽനിന്നും ഇപ്പോഴത്തെ താമസക്കാരിയും രോഗിയുമായ ശ്രീമതി പി. ശാന്തകുമാരിയെ ഒഴിപ്പിച്ച് ശ്രീമതി മറിയാമ്മ സെബാസ്റ്റ്യൻ എന്ന ലോ കോളേജ് ലക്ചറർക്ക് പ്രസ്തുത മുറി നൽകുവാൻ ഉത്തരവ് നൽകിയതിന്റെ കാരണം വിശദമാക്കുമോ;

(ബി) എന്നാണ് ഇപ്രകാരം ഉത്തരവ് നൽകിയത്;

(സി) കൂടുതൽ സർവ്വീസ് ഉണ്ടായിരുന്നത് ആർക്കാണ്;

(ഡി) ശ്രീമതി പി. ശാന്തകുമാരിയുടെ യഥാർത്ഥ വീടും സ്ഥലവും എവിടെയാണ്; ശ്രീമതി മറിയാമ്മ സെബസ്റ്റ്യന്റെ വീടും സ്ഥലവും എവിടെയാണ്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) ആരോഗ്യപരമായ കാരണങ്ങൾ കാണിച്ച് ശ്രീമതി മറിയാമ്മ സെബാസ്റ്റ്യൻ സമർപ്പിച്ചിരുന്ന അപേക്ഷയുടെ വെളിച്ചത്തിൽ കോഴിക്കോട് എൻ.ജി.ഒ. വനിതാ ഹോസ്റ്റലിലെ ഡീലക്സ് മുറിയിൽനിന്നും ശ്രീമതി ശാന്തകുമാരി ഒഴിയുന്ന മുറയ്ക്ക് ശ്രീമതി മറിയാമ്മ സെബാസ്റ്റ്യന് നൽകുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ അവ്യക്തതമൂലം ശ്രീമതി ശാന്തകുമാരിയെ ഒഴിപ്പിച്ചെങ്കിലും പിഴവ് ശ്രദ്ധയിൽപ്പെട്ടപ്പോൾ 18.11.99-ലെ 1054/99/പൊമവ. നമ്പർ സർക്കാർ ഉത്തരവു പ്രകാരം പൂർവ്വസ്ഥിതി പുനഃസ്ഥാപിച്ചിട്ടുണ്ട്. 15.12.99-ലെ 1475/99 ഹയർ എഡ്യൂക്കേഷൻ നമ്പർ ഉത്തരവു പ്രകാരം ശ്രീമതി ശാന്തകുമാരിക്ക്, അവരുടെ അപേക്ഷ പ്രകാരം തിരുവനന്തപുരത്തേക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്.

(സി) സർവ്വീസ് സീനിയോറിറ്റി ഹോസ്റ്റൽ/ക്വാർട്ടേഴ്സ് അനുവദിക്കുന്നതിന് ഒരു മാനദണ്ഡമല്ല.

(ഡി) ശ്രീമതി ശാന്തകുമാരി തിരുവനന്തപുരം സ്വദേശിനിയും ശ്രീമതി മറിയാമ്മ സെബാസ്റ്റ്യൻ കോട്ടയം ജില്ല സ്വദേശിനിയും ആണെന്ന് അറിയുന്നു.

91 (1309) സെഷണൽ സമ്പ്രദായം തുടർന്നു നടത്തുന്നതിന് അനുമതി

ശ്രീ. പി.കെ അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ താനൂർ കെ.പി.എൻ.എം.യു.പി. സ്കൂളിലെ സെഷണൽ സമ്പ്രദായം തുടർന്നും നടത്തുന്നതിന് അനുമതി നൽകണമെന്ന പി.ടി.എ. പ്രസിഡന്റിന്റെ അപേക്ഷയിൻമേൽ നടപടി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)പ്രസ്തുത അപേക്ഷയിൻമേൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ലഭ്യമായാലുടൻ നടപടി സ്വീകരിക്കുന്നതാണ്.

92 (1310) വായ്പ ലഭിക്കാനുണ്ടായ കാലതാമസം

ശ്രീ. എം.കെ. മുനീർ :

ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മേൽമുറി ഗവൺമെന്റ് യു.പി. സ്കൂളിലെ അറബിക് അദ്ധ്യാപകനായ കെ.എം. അബ്ദുൾ റഷീദ് ഹൃദയ ശസ്ത്രക്രിയ്ക്കായി നൽകിയ പലിശരഹിത വായ്പയ്ക്കുള്ള അപേക്ഷ വിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly